# കേരള സംസ്ഥാന മനുഷ്യാവകാശകമ്മീഷൻ

ഹാജർ : കെ.ബൈജുനാഥ്,
ബഹു. ആക്ടിംഗ് ചെയർമാൻ & ജുഡീഷ്യൽ അംഗം

എച്ച്.ആർ.എം.പി. നമ്പർ : 6066/11/12/2023/ TVM

പരാതികക്ഷി : ജയന്ത്.എഫ്, ഗ്രീൻ ഹൗസ്
കൊല്ലയിൽ പി.ഒ, മടത്തറ, തിരുവനന്തപുരം

എതിർകക്ഷികൾ :

ഉത്തരവ് തീയതി 09.05.2024

NIWS/YAI നൽകുന്ന ഓപ്പറേറ്റർ/സ്രാങ്ക് ലൈസൻസ് നേടിയവരെ ബോട്ട് ഓടിക്കാൻ പോർട്ടിലെ ചില ജീവനക്കാർ അനുവദിക്കുന്നില്ലായെന്നും, കേന്ദ്രസർക്കാരിൻെറയും, കേന്ദ്ര ടൂറിസം വകുപ്പിൻെറയും, യൂത്ത് അഫേഴ്സ് ആൻറ് സ്പോർട്സിൻെറയും, ഇന്ത്യൻ നേവിയുടെയും അംഗീകാരത്തോടെ നൽകുന്ന ഈ ലൈസൻസുകൾ ഉപയോഗിച്ച് ബോട്ടുകൾ ഓടിക്കാനുള്ള തടസ്സമെന്തെന്ന് പോർട്സ് വകുപ്പ് അധികൃതർ വ്യക്തമാക്കുന്നില്ലായെന്നും മറ്റുമാണ് പരാതി സംഗതി.

പരാതി വിഷയത്തിൽ കേരളാ മാരിടൈം ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ കമ്മീഷൻ ആവശ്യപ്പെട്ട പ്രകാരം ഒരു റിപ്പോർട്ട് സമർപ്പിച്ചു. 1917 ഇൻലാൻറ് വെസ്സൽ ആക്ട് അടിസ്ഥാനമാക്കി 2010 ൽ നിലവിൽ വന്ന കേരള ഇൻലാൻറ് റൂൾ പ്രകാരം പ്രവർത്തിക്കുന്ന വെസ്സലുകളിലെ ക്രൂ ആയി പ്രവർത്തിക്കുന്നവർക്ക് കേരള ഇൻലാൻറ് വെസ്സൽ റൂൾ 2010 പ്രകാരമുള്ള ലൈസൻസുകളാണ് ആവശ്യമായിട്ടുള്ളതെന്നും, കേരള ഇൻലാൻറ് വെസ്സൽ റൂൾ 2010 നെ റദ്ദ് ചെയ്തുകൊണ്ട് ഇൻലാൻറ് വെസ്സൽ ആക്ട് 2012 ഉം ഇൻലാൻറ് വെസ്സൽ റൂൾ 2022 ഉം നിലവിൽ വന്നിട്ടുണ്ടെന്നും റിപ്പോർട്ടിൽ കാണുന്നു.

NIWS/YAI നൽകുന്ന സർട്ടിഫിക്കറ്റുകൾ വാട്ടർ സ്പോർട്സ് ക്രാഫ്റ്റുകൾക്കു നൽകുന്ന സർട്ടിഫിക്കറ്റുകളാണെന്നും, നിലവിലുള്ള കേന്ദ്ര നിയമ പ്രകാരം NIWS/YAI സർട്ടിഫിക്കറ്റ് ഉള്ളവർക്ക് ഹൗസ് ബോട്ട് പ്രവർത്തിപ്പിക്കുവാൻ കഴിയുകയില്ലായെന്നും, കൂടാതെ ഇത്തരം സർട്ടിഫിക്കറ്റുകൾക്ക് തത്തുല്യ സർട്ടിഫിക്കറ്റ് നൽകുവാനും കേന്ദ്രനിയമത്തിലോ ചട്ടങ്ങളിലോ പരാമർശിച്ചിട്ടില്ലായെന്നും, ആയതിനാൽ നിയമ പ്രകാരം പരാതിക്കാരൻെറ ആവശ്യം പരിഗണിക്കുവാൻ നിർവ്വാഹമില്ലായെന്നും, എന്നാൽ ഇത്തരത്തിലുള്ളലവർക്ക് കൂടി പരിശീലനം നൽകിയ ശേഷം ബോട്ട് ഡ്രൈവിംഗിനുള്ള

സർട്ടിഫിക്കറ്റ് നൽകുവാനുള്ള അനുമതി തരണമെന്ന് കേന്ദ്ര ഇൻലാൻറ് വെസ്സൽ ആക്ടിൻെറ നിർവ്വഹണ ഏജൻസിയായ ഇൻലാൻറ് വാട്ടർ അതോരിറ്റി ഓഫ് ഇന്ത്യയോട് അഭ്യർത്ഥിച്ചിട്ടുണ്ടെന്നും, അനുകൂല തീരുമാനം ഉണ്ടാവുകയാണെങ്കിൽ പരാതിക്കാരൻെറ ആവശ്യം പരിഗണിക്കുന്നതാണെന്നും റിപ്പോർട്ടിൽ പ്രതിപാദിക്കുന്നുണ്ട്.

റിപ്പോർട്ടിൽ പരാതികക്ഷി ആക്ഷേപം സമർപ്പിച്ചു. പരാതിയും റിപ്പോർട്ടുകളും ആക്ഷേപവും കമ്മീഷൻ വിശദമായി പരിശോധിച്ചു. NIWS/YAI സർട്ടിഫിക്കറ്റുകൾ കരസ്ഥമാക്കിയവർക്കുകൂടി ബോട്ട് ഡ്രൈവിംഗിനുള്ള സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള അനുമതിയ്ക്കായി കേരളാ മാരിടൈം ബോർഡ് 09.01.2024 തീയതി ഇൻലാൻറ് വാട്ടർ അതോരിറ്റി ഓഫ് ഇന്ത്യ യ്ക്ക് കത്ത് നൽകിയിട്ടുള്ളതായും, കേരളാ മാരിടൈം ബോർഡിനും ഇക്കാര്യത്തിൽ എതിർപ്പില്ലായെന്നും കമ്മീഷൻ മനസ്സിലാക്കുന്നു. ഈ സാഹചര്യത്തിൽ ഇൻലാൻറ് വാട്ടർ അതോരിറ്റി ഓഫ് ഇന്ത്യയുടെ തീരുമാനത്തിന് വിധേയമായി തീരുമാനം കൈകൊള്ളേണ്ടതാണെന്ന നിർദ്ദേശത്തോടെ ഈ പരാതി തീർപ്പാക്കുന്നു.

ഉത്തരവിൻെറ പകർപ്പ് കേരളാ മാരിടൈം ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പരാതികക്ഷി എന്നിവർക്ക് അയച്ചുകൊടുക്കേണ്ടതാണ്.

ഒപ്പ്
**കെ.ബൈജുനാഥ്**
**ആക്ടിംഗ് ചെയർമാൻ & ജുഡീഷ്യൽ അംഗം**

//ശരിപ്പകർപ്പ്//

രജിസ്ട്രാർ